**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496** **24-08-2022 - ൽ മറുപടിയ്ക്ക്**

**പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ.എൻ.ഷംസീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റം മെയ് മാസത്തിൽ 12.4 ശതമാനവും ജൂൺ മാസത്തിൽ 16.9 ശതമാനവുമായിരിക്കുന്ന സാഹചര്യത്തിൽ പൊതികളിലാക്കി വില്ക്കുന്ന ഭക്ഷ്യ വസ്തുക്കൾക്ക് പുതുതായി അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ തീരുമാനം വിലക്കയറ്റം രൂക്ഷമാക്കുമെന്നതിനാൽ അത് പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുവാൻ തീരുമാനിച്ചു. സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇരുപത്തിയഞ്ച് കിലോയ്ക്ക് മുകളിലുള്ള ബ്രാന്റഡ് ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നികുതി ഒഴിവാക്കി സപ്ലൈകോ, കുടുംബശ്രീ പോലെയുള്ള സ്ഥാപനങ്ങൾ പായ്ക്ക് ചെയ്ത് വിൽക്കുന്ന | (ബി) | സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്ത വ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു |

| | | | |
|---|---|---|---|
| | സാധനങ്ങൾക്ക് നികുതി ചുമത്തിയത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | | മുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കുകയോ നികുതി പിരിക്കുകയോ ചെയ്യേണ്ടതില്ല. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വികരിക്കുന്നതാണ്. |
| (സി) | കേന്ദ്രസർക്കാർ വൻകിട കുത്തക കമ്പനികളുടെ താല്പര്യം സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാകില്ലെന്ന സുപ്രീം കോടതി വിധിയുടെ ആനുകൂല്യം പ്രാവർത്തികമാക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ